# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.277 — 21.12.2012-ൽ മറുപടിക്ക്.

## പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.രാജു | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജൈവ വൈവിധ്യങ്ങളെക്കുറിച്ച് അറിവ് പകരുന്ന പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ (പി.ബി.ആർ) തയ്യാറാക്കൽ പദ്ധതി തുടങ്ങിയതെന്നാണ്; | (എ) സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മുഖേന 2009 ലാണ് പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റിരജിസ്റ്റർ(പി.ബി.ആർ)തയ്യാറാക്കൽ പദ്ധതി ആരംഭിച്ചത്. |
| (ബി) ഇതിന് എന്ത് തുകയാണ് അനുവദിച്ചിരുന്നത്; | (ബി) പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ (പി.ബി.ആർ) തയ്യാറാക്കുന്നതിന് 2010-11 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നോ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ 70,000/- രൂപ വരെ ചെലവാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകിയിരുന്നു. അപ്രകാരം തയ്യാറാക്കാത്ത ഗ്രാമ പഞ്ചായത്ത്/ നഗരസഭകൾ 2011-12 സാമ്പത്തിക വർഷത്തിൽ പി.ബി.ആർ |

തയ്യാറാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കേണ്ടതും ഇക്കാര്യം ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പു വരുത്തേണ്ടതുമാണെന്ന് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിനുശേഷവും പി.ബി.ആർ തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്ത് നഗരസഭകൾക്ക് 2012-13 വർഷം തന്നെ പി.ബി.ആർ തയ്യാറാക്കൽ അനിവാര്യ പദ്ധതിയായി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | എത്ര പഞ്ചായത്തുകളിലെ പി.ബി.ആർ തയ്യാറാക്കി, എത്ര പഞ്ചായത്തുകളിലെ പി.ബി.ആർ കണക്കെടുപ്പ് നടന്നു വരുന്നു; ഇവയിലൂടെ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്; | (സി) | 439 പഞ്ചായത്തുകളിലെ പി.ബി.ആർ തയ്യാറാക്കി. 55 പഞ്ചായത്തുകളിലെ പി.ബി.ആർ കണക്കെടുപ്പ് നടന്നു വരുന്നു. കാർഷിക ജൈവ വൈവിധ്യം വീട്ടുവളപ്പിലെ ജൈവവൈവിധ്യം, വന്യജൈവ വൈവിധ്യം, തണ്ണീർതട ജൈവവൈവിധ്യം, നഗര ജൈവ വൈവിധ്യം തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുന്നത്. |
| (ഡി) | എത്ര പഞ്ചായത്തുകളുടെ പി.ബി.ആർ ശേഖരിക്കുവാ നുണ്ട്; | (ഡി) | 484 ഗ്രാമപഞ്ചായത്തുകളിൽ പി.ബി.ആർ പ്രോജക്ട് നടപ്പിലാക്കാനുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 2011-12 സാമ്പത്തിക വർഷം ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പി.ബി. ആർ തയ്യാറാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുന്നില്ല. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക വകയിരുത്തുന്നത്. (2011-2012 ലെ **Plan write up** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ജൈവ വൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കൽ എന്നിവയെക്കുറിച്ചുള്ള നിശ്ചിത പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള ജൈവവൈവിധ്യ സംരക്ഷണത്തിനായി 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്). |
| (എഫ്) | പി.ബി.ആർ കണക്കെടുപ്പ് ഫണ്ടില്ലാത്ത കാരണത്താൽ നിർത്തിവച്ചിരിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ; | (എഫ്) | ഫണ്ടില്ലാത്ത കാരണത്താൽ പി.ബി.ആർ കണക്കെടുപ്പ് നിർത്തി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | എങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ